# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 89      28.01.2019-ൽ മറുപടിക്ക്

## കേരള സർക്കാരിന്റെ രണ്ടാം വാർഷികാഘോഷങ്ങളുടെ പ്രചാരണചെലവ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| എ) | കേരള സർക്കാരിന്റെ രണ്ടാം വാർഷികവുമായി ബന്ധപ്പെട്ട് പരസ്യം നൽകിയ വകയിൽ എന്ത് തുക ചെലവഴിച്ചു; പത്ര, ദൃശ്യ, ശ്രവ്യ മാധ്യമങ്ങൾ വഴിയും സോഷ്യൽ മീഡിയ വഴിയും ഉണ്ടായ ചെലവുകൾ ഇനം തിരിച്ച് നൽകാമോ; | (എ) | ആകെ 1,88,27,278/- രൂപ (ഒരു കോടി എൺപത്തി എട്ട് ലക്ഷത്തി ഇരുപത്തി ഏഴായിരത്തി ഇരുന്നൂറ്റി എഴുപത്തി എട്ട് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. പത്ര-ദൃശ്യ മാധ്യമങ്ങൾ വഴി പരസ്യം നൽകിയ വകയിൽ വിവിധ മാധ്യമങ്ങൾ സമർപ്പിച്ച ബില്ലുകളിൻമേൽ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തുക ചെലവഴിച്ചിട്ടില്ല.<br><br>സോഷ്യൽ മീഡിയ വഴി പരസ്യം നൽകിയിട്ടില്ല.<br><br>ശ്രവ്യ മാധ്യമങ്ങൾ വഴി പരസ്യം നൽകിയ വകയിൽ 73,85,054/- രൂപ (എഴുപത്തി മൂന്ന് ലക്ഷത്തി എൺപത്തയ്യായിരത്തി അൻപത്തി നാല് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. |
| ബി) | രണ്ടാം വാർഷികാഘോഷങ്ങളുമായി ബന്ധപ്പെട്ട് സാമൂഹ്യ മാധ്യമങ്ങളിലൂടെയുള്ള പ്രചരണത്തിന് എന്ത് തുക ചെലവഴിച്ചു; ഈ പ്രചരണത്തിന് ഏത് ഏജൻസിയെ ആണ് ചുമതലപ്പെടുത്തിയിരുന്നത്; പ്രസ്തുത സ്ഥാപനത്തെ എപ്രകാരമാണ് തെരഞ്ഞെടുത്തത് എന്നിവ വ്യക്തമാക്കാമോ; | (ബി) | സാമൂഹ്യമാധ്യമങ്ങൾ വഴിയുള്ള പ്രചരണത്തിന് തുക ചെലവഴിക്കുകയോ ഏജൻസിയെ ചുമതലപ്പെടുത്തുകയോ ചെയ്തിട്ടില്ല. |
| സി) | രണ്ടാം വാർഷികാഘോഷങ്ങളുടെ ഭാഗമായി കെ.എസ്.ആർ.ടി.സി ബസ്സുകളിൽ പരസ്യം നൽകിയിരുന്നോ; പ്രസ്തുത ഇനത്തിൽ എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ:? | സി) | പരസ്യം നൽകിയിരുന്നു. കെ.എസ്.ആർ.ടി.സി ബസ്സുകളിൽ പരസ്യം നൽകിയ വകയിൽ 58,41,000/- രൂപ (അൻപത്തി എട്ട് ലക്ഷത്തി നാൽപ്പത്തൊന്നായിരം രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ